REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-01-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ദേശീയ സ്റ്റാർട്ട് അപ്പ് ദിനാഘോഷത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അല്പസമയത്തിനകം ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും.**
- **77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങളുടെ ഒരുക്കങ്ങൾ ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.**
- **CPIM കേന്ദ്രകമ്മിറ്റിയോഗത്തിന് തിരുവനന്തപുരത്ത് ഇന്ന് തുടക്കം.**
- **കേരള കോൺഗ്രസ് M, സ്റ്റിയറിംഗ് കമ്മിറ്റിയോഗം ഇന്ന് കോട്ടയത്ത് ചേരും.**
- **തൃശൂരിൽ 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കണ്ണൂരും കോഴിക്കോടും പോരാട്ടം തുടരുന്നു.**

## വാർത്തകൾ വിശദമായി

ഇന്ന് ദേശീയ സ്റ്റാർട്ട് അപ്പ് ദിനം. സ്റ്റാർട്ടപ്പ് ഇന്ത്യ സംരംഭത്തിന്റെ പത്ത് വർഷം ആഘോഷിക്കുന്ന ദിനത്തിൽ രാജ്യത്തെ ഊർജ്ജസ്വലരായ സ്റ്റാർട്ടപ്പ് സമൂഹത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസ നേർന്നു. ആഗോള സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തിയ യുവാക്കളുടെ ധൈര്യം, നവീകരണം, സംരംഭകത്വ മനോഭാവം എന്നിവയെ ആഘോഷിക്കുന്ന ഒരു അവസരമാണിതെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അല്പസമയത്തിനകം ദിനാഘോഷത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

✪✪✪

തിരുവള്ളുവർ ദിനത്തിൽ ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും ശ്രദ്ധാഞ്ജലി അർപ്പിച്ചു. സ്നേഹമാണ് ജീവിതത്തിന്റെ അടിത്തറയെന്നും, അനുകമ്പയും കാരുണ്യവുമാണ് ഒരാളുടെ പ്രവൃത്തികളെ നയിക്കേണ്ടതെന്നും തിരുവള്ളുവർ നമ്മളെ പഠിപ്പിച്ചതായി ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ പറഞ്ഞു.

തിരുവള്ളുവരുടെ കൃതികളും ആദർശങ്ങളും, എണ്ണമറ്റ ആളുകളെ പ്രചോദിപ്പിക്കുന്നതായും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. തിരുവള്ളുവരുടെ തിരുക്കുറൽ വായിക്കാൻ പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

ആഭ്യന്തര മന്ത്രി അമിത്ഷാ ഇന്ന് ന്യൂഡൽഹിയിൽ മൂന്നാമത് അന്താരാഷ്ട്ര കൈറ്റ് ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യും. ബൻസേര പാർക്കിലെ പുൽമേടുകളിലെ പരിപാടിയിൽ, ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേന, വിശിഷ്ടാതിഥിയാകും.

✪✪✪

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങളുടെ ഒരുക്കങ്ങൾ ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. കർത്തവ്യപഥിൽ സായുധ-സുരക്ഷാ സേനാസംഘങ്ങളാണ് റിഹേഴ്സലിൽ പങ്കെടുക്കുന്നത്.

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി ഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളം ഈ മാസം 21 മുതൽ 26 വരെ എല്ലാ ദിവസവും രണ്ടര മണിക്കൂർ അടച്ചിടും. രാവിലെ 10.20 മുതൽ ഉച്ചയ്ക്ക് 12.45 വരെയാണ് സേവനങ്ങൾ നിർത്തിവെക്കുന്നത്.

✪✪✪

കേരളം, തമിഴ്നാട്, പുതുച്ചേരി, പശ്ചിമബംഗാൾ, അസം എന്നീ സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് CPIM ന്റെ മൂന്ന് ദിവസത്തെ കേന്ദ്രകമ്മിറ്റി യോഗത്തിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം. EMS അക്കാദമിയിലാണ് യോഗം ചേരുന്നത്. മധുര പാർട്ടി കോൺഗ്രസിനു ശേഷം കേരളത്തിൽ ചേരുന്ന ആദ്യ കേന്ദ്ര കമ്മിറ്റിയോഗമാണിത്. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാൻ പോകുന്ന അഞ്ച് സംസ്ഥാനങ്ങളിലെയും രാഷ്ട്രീയ സാഹചര്യങ്ങൾ യോഗം വിലയിരുത്തും.

✪✪✪

സംസ്ഥാനത്ത് CPIM ന്റെ ഗൃഹസന്ദർശന പരിപാടി തുടരുന്നു. സംസ്ഥാന ഗവൺമെന്റിന്റെ വികസന - ജനക്ഷേമ പ്രവർത്തനങ്ങൾ, ജനങ്ങളിലെത്തിക്കുക ലക്ഷ്യമിട്ടാണ് ഗൃഹസന്ദർശനം. മന്ത്രിമാരും, മുതിർന്ന പാർട്ടി നേതാക്കളുമടക്കം പ്രവർത്തകരാണ്, ഓരോ വീടും സന്ദർശിക്കുന്നത്.

✪✪✪

കേരളാ കോൺഗ്രസ് LDF വിടുന്നുവെന്ന പ്രചാരണം നിയമസഭാ തിരഞ്ഞെടുപ്പ് പരാജയഭീതിയിൽ UDF നടത്തുന്നതാണെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. LDF നൊപ്പം ഒറ്റക്കെട്ടായി ഉറച്ചുനിൽക്കുന്നുവെന്നും എല്ലാ പ്രചാരണവും തെറ്റാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കേരള കോൺഗ്രസ് M, സ്റ്റിയറിംഗ് കമ്മിറ്റിയോഗം ഇന്ന് കോട്ടയത്ത് ചേരും. നിയമസഭാ തിരഞ്ഞെടുപ്പിൽ സ്വീകരിക്കേണ്ട നിലപാടുകളാണ് യോഗത്തിന്റെ മുഖ്യ അജണ്ട. പാർട്ടി ചെയർമാൻ ജോസ് K മാണിയുടെ അധ്യക്ഷതയിൽ സംസ്ഥാന കമ്മിറ്റി ഓഫീസിലാണ് യോഗം. പാർട്ടി സംസ്ഥാന-ജില്ലാ ഭാരവാഹികളും, പോഷക സംഘടനാ നേതാക്കളും യോഗത്തിൽ പങ്കെടുക്കും.കേരള കോൺഗ്രസ് M, LDF വിട്ടേക്കുമെന്ന അഭ്യൂഹങ്ങൾക്കിടെയാണ് യോഗം ചേരുന്നത്. മുന്നണിയിൽ ഉറച്ചുനിൽക്കുമെന്ന് ജോസ് K മാണിയും, അഞ്ച് MLA മാരും ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇന്നത്തെ സ്റ്റിയറിംഗ് കമ്മിറ്റിയോഗത്തെ രാഷ്ട്രീയ കേരളം വലിയ പ്രാധാന്യത്തോടെയാണ് കാണുന്നത്.

✪✪✪

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പ് സ്ഥാനാർത്ഥി നിർണയ ചർച്ച, വേഗത്തിലാക്കാൻ രാഷ്ട്രീയപാർട്ടികൾ ശ്രമം തുടങ്ങി. BJP യുടെ ആദ്യ സ്ഥാനാർത്ഥി പട്ടിക ഈ മാസം അവസാനത്തോടെ പ്രഖ്യാപിക്കാനാണ് പാർട്ടിയുടെ ശ്രമമെന്ന്, സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ന്യൂഡൽഹിയിൽ പറഞ്ഞു. ആദ്യഘട്ടത്തിലെ പട്ടികയിൽ 65 നും 70 നും ഇടയിൽ സ്ഥാനാർത്ഥികളാണ് ഉണ്ടാവുക. പട്ടിക ഈ മാസം 30 ന് മുമ്പ് ഡൽഹിയിൽ കേന്ദ്ര നേതൃത്വത്തിന്റെ അംഗീകാരത്തിന് അയക്കുമെന്നും രാജീവ് ചന്ദ്രശേഖർ അറിയിച്ചു. സംസ്ഥാനത്ത് NDA വിപുലമാക്കാനാണ് ശ്രമമെന്നും അദ്ദേഹം വ്യക്തമാക്കി.

കോൺഗ്രസിന്റെ സ്ഥാനാർത്ഥി നിർണയ നടപടി വേഗത്തിലാക്കാൻ സംസ്ഥാന നേതൃത്വവുമായി സ്ക്രീനിംഗ് കമ്മിറ്റി നടത്തിയ ചർച്ചയിൽ ധാരണയായി. ഈ മാസം 23 ന് ഡൽഹിയിൽ ഹൈക്കമാൻഡുമായി നടത്തുന്ന ചർച്ചയ്ക്കു ശേഷം സ്ക്രീനിംഗ് കമ്മിറ്റി വീണ്ടും യോഗം ചേരും. കൂടാതെ സംസ്ഥാന തിരഞ്ഞെടുപ്പ്

സമിതിയും ചേരും. ഇതിലായിരിക്കും ആരൊക്കെ മത്സരിക്കണമെന്ന തീരുമാനം കൈക്കൊള്ളുക. AICC സ്ക്രീനിംഗ് കമ്മിറ്റി ചെയർമാൻ മധുസൂദനൻ മിസ്ത്രി, AK ആന്റണിയടക്കം മുതിർന്ന പാർട്ടി നേതാക്കളുമായി സംസ്ഥാനത്ത് നിയമസഭാതിരഞ്ഞെടുപ്പിൽ കൈക്കൊള്ളേണ്ട തീരുമാനങ്ങളിൽ ചർച്ച നടത്തി ഡൽഹിക്ക് മടങ്ങി.

✪✪✪

തൃശൂരിൽ 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സ്വർണക്കപ്പിന് കണ്ണൂരും കോഴിക്കോടും പോരാട്ടം തുടരുന്നു. ഒടുവിലത്തെ നിലയനുസരിച്ച് കണ്ണൂർ 502 പോയിന്റുമായി മുന്നിട്ടു നിൽക്കുന്നു. കോഴിക്കോട് 498 പോയിന്റുമായി രണ്ടാം സ്ഥാനത്തും, ആതിഥേയരായ തൃശൂർ 496 പോയിന്റുമായി തൊട്ടു പുറകിലുമാണ്.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.

....(വോയ്സ്).........

✪✪✪

ഹജ്ജ് രജിസ്ട്രേഷന് സമയപരിധി കേന്ദ്ര ഗവൺമെന്റ് ഈ മാസം 25 വരെ ദീർഘിപ്പിച്ചു. നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സമയം ആവശ്യമാണെന്ന ഹജ്ജ് യാത്രക്കാരുടെ അപേക്ഷയുടെ പശ്ചാത്തലത്തിലാണ് ന്യൂനപക്ഷ മന്ത്രാലയം സമയം നീട്ടിയത്. ഈ കാലയളവിൽ തീർഥാടകർ ബുക്കിംഗ് പൂർത്തിയാക്കണമെന്നും, പാസ്പോർട്ടുകൾ ഇന്ത്യൻ ഹജ്ജ് കമ്മിറ്റിക്കോ, ബന്ധപ്പെട്ട ഹജ്ജ് ഗ്രൂപ്പ് സംഘാടകർക്കോ സമർപ്പിക്കണമെന്നും, നുസുക് പോർട്ടലിൽ ബോർഡിംഗ് ഉറപ്പാക്കണമെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

പാലക്കാട് ജില്ലയിൽ അഥവാ മഞ്ഞപ്പിത്ത രോഗബാധ കൂടുതലായി റിപ്പോർട്ട് ചെയ്യുന്നതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു. ഒരുവർഷ കാലയളവിൽ ജില്ലയിൽ 1793 കേസുകളാണ് റിപ്പോർട്ട് ചെയ്തത്.

പാലക്കാട്ടു നിന്ന് ഫൈസൽ അലിമുത്ത്.

....(വോയ്സ്).........

✪✪✪

കുടുംബശ്രീയുടെ കാർഷിക ഭക്ഷ്യവിഭവങ്ങൾ, K-ഇനം എന്ന പുതിയ ബ്രാൻഡിൽ ആഗോള വിപണിയിലേക്കെത്തിക്കുന്നു. മന്ത്രി MB രാജേഷ് ഉൽപന്നങ്ങൾ എറണാകുളത്ത് നാളെ പുറത്തിറക്കും. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് തയ്യാറാക്കിയ മുപ്പത് പ്രീമിയം ബ്രാൻഡ് ഭക്ഷ്യോൽപന്നങ്ങളാണ് കുടുംബശ്രീ, ആഗോള വിപണിയിൽ എത്തിക്കുന്നത്.

✪✪✪

ഇടുക്കി ജില്ലയിൽ കുടുംബശ്രീയുടെ ആദ്യ പ്രീമിയം കഫേ മന്ത്രി വി. എൻ വാസവൻ ഇന്ന് ഉദ്ഘാടനം ചെയ്യും. വിനോദ സഞ്ചാരകേന്ദ്രമായ വാഗമണ്ണിലെ പരിപാടിയിൽ മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷനാകും.

✪✪✪

ശബരിമല മകരവിളക്ക് തീർത്ഥാടനകാലത്തെ പടിപൂജയ്ക്ക് ഇന്ന് തുടക്കമാകും. ദീപാരാധനയ്ക്ക് ശേഷം വൈകിട്ട് 6.45 ഓടെയാണ് പൂജ. ഈ സമയം ഭക്തർക്ക് പ്രവേശനമില്ല. ശബരിമല അടക്കം 18 മലകളെയാണ് പടികൾ പ്രതിനിധാനം ചെയ്യുന്നതെന്നാണ് സങ്കൽപ്പം.

✪✪✪

മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായി ശബരിമല ദർശനത്തിന് സ്പോട്ട് ബുക്കിംഗ് കൗണ്ടറുകൾ ഈ മാസം 19 വരെ പ്രവർത്തിക്കും. പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിലാണ് സ്പോട്ട് ബുക്കിംഗ് സൗകര്യമുള്ളത്. വെർച്വൽ ക്യൂ ബുക്കിംഗും 19 വരെയുണ്ടാകും. നാളെ വരെയാണ് തിരുവാഭരണം ചാർത്തി, അയ്യപ്പദർശനം.

✪✪✪

ഇന്ത്യൻ സോഷ്യലിസ്റ്റ് ജനതാദൾ ISJD പാർട്ടിയുടെ പ്രഖ്യാപനവും, ജനതാദൾ S, ISJD യിൽ ലയിക്കുന്ന സമ്മേളനവും നാളെ രാവിലെ എറണാകുളം ടൗൺ ഹാളിൽ ചേരും. മന്ത്രി K കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. JDS സംസ്ഥാന പ്രസിഡണ്ട് മാത്യു ടി തോമസിന് പതാക കൈമാറി ലയനപ്രക്രിയ പൂർത്തിയാക്കുമെന്ന് പാർട്ടി ഭാരവാഹികൾ കൊച്ചിയിൽ അറിയിച്ചു.

✪✪✪

മനുഷ്യർക്കൊപ്പം എന്ന പ്രചാരണവുമായി കേരള മുസ്ലീം ജമാ അത്ത് സംഘടിപ്പിച്ച കേരളയാത്ര ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും. കാന്തപുരം AP അബൂബക്കർ മുസ്ലിയാർ നയിക്കുന്ന ജാഥ, ജനുവരി ഒന്നിന് കാസർകോട്ട് നിന്നാണ് തുടങ്ങിയത്. വൈകിട്ട് പുത്തരിക്കണ്ടം മൈതാനിയിൽ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

അസമിൽ സന്തോഷ് ട്രോഫി ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കേരളതാരങ്ങളെ, സംസ്ഥാന ഫുട്ബോൾ അസോസിയേഷൻ പ്രഖ്യാപിച്ചു. 22 അംഗ ടീമിനെ G സഞ്ജുവാണ് നയിക്കുന്നത്. ഒൻപതു പേർ പുതുമുഖങ്ങളാണ്. യുവതാരങ്ങൾക്ക് പ്രധാന്യം നൽകിയ ടീമിന്റെ വൈസ് ക്യാപ്റ്റൻ, കലിക്കറ്റ് FC യുടെ M മനോജ് ആണ്. ദേശീയ ഗെയിംസിൽ കേരളത്തിന് സ്വർണം സമ്മാനിച്ച വയനാട്ടുകാരൻ M ഷെഫീഖ് ഹസ്സൻ ആണ് മുഖ്യ പരിശീലകൻ. മുൻ സന്തോഷ് ട്രോഫിതാരം എബിൻ റോസ് സഹപരിശീലകനും, മുൻ ഇന്ത്യൻ താരം KT.ചാക്കോ ഗോൾകീപ്പർ കോച്ചുമാണ്. ഈ മാസം 22 ന് പഞ്ചാബുമായാണ് കേരളത്തിന്റെ ആദ്യമത്സരം.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*NRTs: ശരണ്യ രാജൻ, രജിന കെ, അൻഷ കരിം*
*DEO: ഷീബ*